# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2355 — 13.02.2013- ലെ മറുപടിക്ക്

### സഹകരണസംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കൽ

**ചോദ്യം**

ശ്രീ.തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി.യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

എ) എല്ലാ സഹകരണസംഘങ്ങളുടെയും പ്രവർത്തനം അഴിമതി രഹിതമാക്കുന്നതിനും ചെലവ് ചുരുക്കി ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

എ) സഹകരണസംഘങ്ങളുടെ പ്രവർത്തനം അഴിമതി രഹിതമാക്കുന്നതിന്, സഹകരണ വകുപ്പ് തലത്തിൽ മിന്നൽ പരിശോധനയും, വിശദ പരിശോധനയും നടന്നു വരുന്നു. ടി പരിശോധനാ വേളകളിലും ആഡിറ്റ് വേളകളിലും കണ്ടെത്തുന്ന ന്യൂനതകൾ/ക്രമക്കേടുകൾ എന്നിവ യിന്മേൽ വിശദമായ തുടർപരിശോധനകളും അന്വേഷണവും നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ നടപടിയടക്കമുള്ള മേൽ നടപടികൾ ഉത്തരവാദികൾക്കെതിരെ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ സഹകരണ വിജിലൻസ് വിഭാഗം, അവർക്ക് പരിശോധനയ്ക്കായി നൽകുന്ന കേസുകളിൽ അന്വേഷണം നടത്താറുണ്ട്. മാത്രമല്ല സഹകരണ സംഘം രജിസ്ട്രാർ ആഫീസ് തലത്തിൽ രൂപീകരിച്ചിട്ടുള്ള ഇൻസ്പെക്ഷൻ സെൽ മുഖേനയും പരിശോധനകൾ നടത്തിവരുന്നുണ്ട്. ക്രമക്കേട കൾക്ക് ഉത്തരവാദികളായവർക്കെതിരെ കേരള സഹകരണ നിയമവും, ചട്ടങ്ങളും അനുശാസി ക്കുന്ന നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. മേൽ നടപടികൾ സഹകരണ സംഘങ്ങളിലെ അഴിമതി തടയുന്നതിന് സഹായിച്ചിട്ടുണ്ട്.

അതോടൊപ്പം 'ആശ്വാസ്' തുടങ്ങിയ പദ്ധതികളിലൂടെ ജനങ്ങൾക്ക് വിവിധ ഇളവുകൾ നൽകുകയും ചെയ്തു വരുന്നുണ്ട്. ചിലവുകൾ ക്രമാതീതമായി വർദ്ധിക്കുന്നില്ലായെന്ന് പരിശോധനാ വേളകളിൽ ഉറപ്പാക്കുന്നതോടൊപ്പം ജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിൽ കൺസ്യൂമർ സ്റ്റോറുകൾ, നീതി സ്റ്റോറുകൾ, മെഡിക്കൽ സ്റ്റോറുകൾ, വളം തുടങ്ങിയവയുടെ വിൽപ്പനയും നടത്തി വരുന്നു.

ബി) സഹകരണസംഘങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന സ്വർണ്ണപ്പണയ തട്ടിപ്പുകൾ ഉൾപ്പടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാധാരണക്കാർക്ക് കൂടുതൽ ഗുണകരമാകുന്ന നിലയിൽ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ബി) ചില സഹകരണ സംഘങ്ങളിൽ നടന്ന സ്വർണ്ണപ്പണയ ഇടപാടുകളിലെ ക്രമക്കേടുകളിൻ മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഘങ്ങളിലെ പരിശോധന, ആഡിറ്റ് വേളകളിൽ സ്വർണ്ണ ഉരുപ്പടികൾ/വായ്പ ഇടപാടുകൾ പരിശോധിക്കുകയും, ക്രമക്കേടുകൾ പരിശോധിക്കുകയും, ക്രമക്കേടുകൾ നടന്നിട്ടില്ലെന്ന് ഉറപ്പു വരുത്താറുമുണ്ട്. പരിശോധനകൾ ഊർജ്ജിതപ്പെടുത്താൻ സഹകരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**